വന്നിരുന്ന ചില ജീവനക്കാരെ കൂടി പരിഗണിക്കുവാൻ 14-7-2003-ന് ചേർന്ന 23-ാമത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രായപരിധി 40 ആയി ഉയർത്തി തീരുമാനമെടുത്തിരുന്നു. 26-2-2004-ന് നടത്തിയ ഈ നിയമനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. അതിനാൽ ടി നിയമനം കോടതി വിധിക്ക് വിധേയവു മായിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) മ്യൂസിയത്തിൽ ഡ്രൈവറുടെ ഒഴിവിൽ നിയമനം നടത്തുവാൻ മ്യൂസിയത്തിന്റെ ഗവേണിംഗ് ബോഡിയാണ് അനുമതി നൽകിയിട്ടുള്ളത്. ഇന്റർവ്യൂവിൽ ഹാജരായവർക്ക് മാത്രമാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഇ ആന്റ് എഫ്) (i) ബി. എസ്സി. അല്ലെങ്കിൽ ബി. കോം. ബിരുദവും.

(ii) കെ. ജി. ടി. ഇ. ഇംഗ്ലീഷ് ടൈപ്പ് റൈറ്റിംഗ് ഹയർ.

(iii) രണ്ടു വർഷത്തെ ജോലി പരിചയം

1-3-2004-ന് നിയമനം നൽകിയ ആളിന്റെ യോഗ്യത ബി. കോം. ബിരുദവും കമ്പ്യൂട്ടർ ആപ്ളിക്കേഷനിൽ ഡിപ്ലോമയുമാണ്. ഈ നിയമനം സെലക്ഷൻ കമ്മിറ്റി യുടെ നിർദ്ദേശപ്രകാരമായിരുന്നു എന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ജി) ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ അടിയന്തിര നടപടി

121 [3011] ശ്രീ. സി. മോയിൻകുട്ടി :

,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ നിയമനം ലഭിച്ചശേഷം നിയമനാത്തരവുകളും അനുബന്ധ രേഖകളും ഗവൺമെന്റിന്റെയോ യൂണിവേഴ്സിറ്റിയുടെയോ അംഗീകാരം ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ അവരെ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമനുസരിച്ച് ഉപരിപഠനത്തിന് നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ബ്രാഞ്ചുകളിലും ഡിപ്പാർട്ടുമെന്റുകളിലും നിന്നുമായി എത്ര അദ്ധ്യാപകരെ ഇങ്ങനെ നിയോഗിച്ചിട്ടുണ്ട്;

(ബി) ഗവൺമെന്റോ യൂണിവേഴ്സിറ്റിയോ അംഗീകാരം നൽകുന്നതിന് മുമ്പു തന്നെ ഇപ്രകാരം ഉപരിപഠനത്തിന് നിയോഗിക്കുന്നത് പിന്നീട് നിയമന നടപടികൾക്ക് കാരണമാകാൻ സാദ്ധ്യതയുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനോത്തരവുകളോടൊപ്പമുള്ള സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളും സർവീസ് ബുക്കുൾപ്പെടെ കോളേജ് ഓഫീസുകളിൽ നിന്നും നഷ്ടപ്പെട്ടു പോയതിനാൽ ഇത്തരം നിയമനോത്തരവുകൾ വർഷങ്ങളായി അംഗീകാരത്തിനായി ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുമോ;

(ഡി) പ്രസ്തുത എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ മുഴുവൻ നിയമനങ്ങൾക്കും സമയബന്ധിതമായി അംഗീകാരം നൽകാൻ നടപടി സ്വീകരിക്കാൻ ഡി. റ്റി. ഇ.-ക്കും ബന്ധപ്പെട്ട പ്രിൻസിപ്പൽമാർക്കും അടിയന്തിര നിർദ്ദേശം നൽകുമോ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് നിശ്ചിത സമയത്തിനകം ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് (ഡി. റ്റി. ഇ.) നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ലക്ചററായിരുന്ന ശ്രീ. എൻ. നിയാസിനെ 2002-ൽ ക്യു.ഐ.പി. സ്ക്രീനിംഗ് കമ്മിറ്റി സെലക്ട് ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കാവുന്നതാണ്.

(ഡി ആന്റ് ഇ) നിയമപരമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

എഞ്ചിനീയറിംഗ് പ്രവേശനത്തിന് പുതിയ മാനദണ്ഡം

122 [3012] ശ്രീമതി രാധാരാഘവൻ :
ശ്രീ. ഇ. എം. അഗസ്തി :
,, കെ. അച്ചുതൻ :
,, ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. എ. ഡി. മൂസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഞ്ചിനീയറിംഗ് ബിരുദ പഠനത്തിനുള്ള പ്രവേശനം സംബന്ധിച്ച മാനദണ്ഡങ്ങളിൽ എ. ഐ. സി. ടി. ഇ. എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly